2008, ഖുത്ബ നമ്പര്‍- 11

بسم الله الرحمن الرحيم

14.3.2008
ബയ്ത്തുല്‍ ഫുത്വൂഹ്, ലണ്ടന്‍

# നമ്മുടെ അല്ലാഹു സഹനശീലനാണ്

'**ഹ**ലീം' എന്നത് അല്ലാഹുവിന്റെ ഒരു വിശേഷഗുണമാണ്. ഈ പദം അല്ലാഹുവിനെ സംബന്ധിച്ച് പറയുമ്പോള്‍ അതിന്റെ അര്‍ത്ഥം, കരുണ കാണിക്കുന്നവന്‍, മാപ്പ് കൊടുക്കുന്നവന്‍, ക്ഷമിക്കുന്നവന്‍ എന്നൊക്കെയാണ്. അതായത്, ധിക്കാരികളുടെമേല്‍ ദ്രുതഗതിയില്‍ കോപം ഇറക്കുകയില്ല; അനുസരണക്കേട് കണ്ടാല്‍ അസ്വസ്ഥതനാകുകയില്ല, തിന്മകളൊക്കെ മറച്ചുവയ്ക്കുകയും ചെയ്യും. അല്ലാഹുവിന്റെ ഈ സവിശേഷഗുണം അവന്റെതന്നെ മറ്റു പല സവിശേഷഗുണങ്ങളുടെയും അര്‍ത്ഥം ഉള്‍ക്കൊള്ളുന്നതാണ്. പ്രത്യേകിച്ച് റഹീമിന്റെയും ഗഫൂറിന്റെയും സത്താറിന്റെയും അര്‍ത്ഥം അതുള്‍ക്കൊള്ളുന്നു. എന്നാല്‍, മനുഷ്യന്‍ ആവര്‍ത്തിച്ചാവര്‍ത്തിച്ച് അല്ലാഹു നിശ്ചയിച്ചിട്ടുള്ള പരിധികളെ ലംഘിക്കാന്‍ തുടങ്ങുമ്പോള്‍ അവന്റെ, പിടിച്ചു ശിക്ഷിക്കുക എന്ന ഗുണവും പ്രവര്‍ത്തിക്കാന്‍ തുടങ്ങുന്നു. വിശുദ്ധഖുര്‍ആനില്‍ അല്ലാഹു വിവിധ സ്ഥലങ്ങളില്‍ താന്‍ ധടുതിയില്‍ ശിക്ഷിക്കാറില്ലെന്ന കാര്യം പറഞ്ഞിട്ടുണ്ട്. ധടുതിയില്‍ ശിക്ഷിക്കാന്‍ തുടങ്ങിയാല്‍, പാപങ്ങളുടെ പാവയായ മനുഷ്യന്‍, ഓരോ പാപത്തിനും കുറ്റകൃത്യത്തിനും അല്ലാഹുവിന്റെ പിടിയിലകപ്പെട്ട് ശിക്ഷക്കിരയായിത്തീര്‍ന്ന് നശിച്ചൊടുങ്ങിയിട്ടുണ്ടാകുമായിരുന്നു. വന്‍പാപങ്ങള്‍ ചെയ്യുന്നവനുപോലും താന്‍ അവധി നീട്ടികൊടുക്കുന്നവനാണെന്ന് അല്ലാഹു പറയുന്നു. എത്രത്തോളമെന്നാല്‍, നബിമാരെ പീഡിപ്പിക്കുന്നവര്‍ക്കുപോലും അല്ലാഹു അയവ് നല്കുന്നു. അവന്‍ പറയുന്നു:

وَلَوْ يُؤَاخِذُ اللّٰهُ النَّاسَ بِظُلْمِهِمْ مَّا
تَرَكَ عَلَيْهَا مِنْ دَآبَّةٍ وَّلٰكِنْ يُّؤَخِّرُهُمْ
إِلٰٓى أَجَلٍ مُّسَمًّى ۚ فَإِذَا جَآءَ أَجَلُهُمْ لَا
يَسْتَأْخِرُوْنَ سَاعَةً وَّلَا يَسْتَقْدِمُوْنَ ﴿٦٢﴾

മനുഷ്യരെ അവരുടെ തെറ്റിന്, അല്ലാഹു പിടിച്ച് ശിക്ഷിക്കുകയായിരുന്നെങ്കില്‍ ഭൂമുഖത്ത് ഒരു ജീവിയേയും അവന്‍ അവശേഷിപ്പിക്കുകയില്ലായിരുന്നു. പക്ഷേ, അവന്‍ ഒരു നിശ്ചിത അവധിവരെ അവര്‍ക്ക് അവസരം കൊടുക്കുകയാണ്. അങ്ങനെ അവരുടെ അവധി എത്തിക്കഴിഞ്ഞാല്‍ ഒരു നിമിഷംപോലും പിന്തുവാനോ മുന്തുവാനോ അവര്‍ക്ക് സാധ്യമല്ല (16:62).

അല്ലാഹുവിനെ വിശ്വസിക്കാത്തവര്‍ക്കുള്ള മറുപടിയാണിത്. അവര്‍ നബിമാരെ പരിഹസിക്കുന്നവരാണ്. ദുന്‍യാവിലെ കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യങ്ങള്‍ അവരെ അന്ധരാക്കിയിരിക്കുന്നു. തെറ്റ് ചെയ്യുന്നവരേയും തന്റെ പ്രിയപ്പെട്ടവരെ പരിഹസിക്കുന്നവരേയും അല്ലാഹു തീര്‍ച്ചയായും പിടിക്കുന്നതാണ്. ഇനി അഥവാ അല്ലാഹു ഇതുവരെ അവരെ പിടിക്കാതിരിക്കുകയോ, ശിക്ഷിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കില്‍ നഊദുബില്ലാഹ്, അത് അല്ലാഹുവിന്റെ നബി അസത്യവാനായതുകൊണ്ടാണെന്ന് നിങ്ങള്‍ ധരിക്കരുത്. അല്ലാഹു ഇല്ലാത്തതുകൊണ്ടാണെന്നും മനസ്സിലാക്കരുത്.

ഇക്കാലഘട്ടത്തില്‍ കാര്‍ട്ടൂണ്‍ വരയ്ക്കുന്നവര്‍ക്കും, നബി(സ)യേയും വിശുദ്ധഖുര്‍ആനേയും പരിഹസിക്കുന്നവര്‍ക്കുമുള്ള ഖണ്ഡനവും ഈ വചനത്തില്‍ കാണാം. എന്തുകൊണ്ടാണ് അവരെ ശിക്ഷിക്കാതെ അവര്‍ക്ക് അവധി കൊടുത്തുകൊണ്ടിരിക്കുന്നത്? അവര്‍ക്ക് അവധി നീട്ടിക്കൊടുത്തിരിക്കുന്നത് അല്ലാഹു തന്റേതായ ഒരു നിയമം ഉണ്ടാക്കിയിരിക്കുന്നതുകൊണ്ടാണ്. അവന്റെ സഹനശീലന്‍ എന്ന വിശേഷഗുണമാണ് അവരെ രക്ഷിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളില്‍ നല്ലവണ്ണം ന്യായപൂര്‍ത്തിയാകാത്തിടത്തോളം അവന്‍ മനുഷ്യരെപ്പോലെ പെട്ടെന്ന് കോപാന്ധനായി ശിക്ഷിക്കുകയില്ല. അതുകൊണ്ട് നിഷേധികള്‍ക്ക് ഇങ്ങനെ അവധി നീട്ടിക്കിട്ടുന്നതും ശിക്ഷകിട്ടാതിരിക്കുന്നതും സത്യത്തിലായതുകൊണ്ടാണെന്ന് കണക്കാക്കരുത്. ഇസ്ലാമിനേയും ഖുര്‍ആനേയും എന്തനാവശ്യം പറഞ്ഞാലും കുഴപ്പമില്ലെന്നും ധരിക്കരുത്. നിങ്ങള്‍ക്ക് ശിക്ഷ കിട്ടാതിരിക്കുന്നത് അല്ലാഹു ഇല്ലെന്നുള്ളതിന് തെളിവാണെന്നും മനസ്സിലാക്കരുത്. ഇസ്ലാംമതം സത്യമല്ലാത്തതുകൊണ്ടും അല്ലാഹു ഇല്ലാത്തതുകൊണ്ടുമാണ് പെട്ടെന്ന് ശിക്ഷ കിട്ടാത്തത് എന്നാണെങ്കില്‍, കുറ്റവാളികള്‍ ക്ഷണത്തില്‍ ശിക്ഷിക്കപ്പെടാത്ത എത്രയെത്ര ഭൗതികമായ തിന്മകള്‍ ലോകത്ത് നടക്കുന്നു. ചില കുറ്റകൃത്യങ്ങള്‍ മനസ്സിലാകുമ്പോള്‍ സര്‍ക്കാര്‍ കുറ്റക്കാരെ നിരീക്ഷിച്ചുകൊണ്ടിരിക്കാറുണ്ട്. പെട്ടെന്ന് പിടിച്ച് ശിക്ഷി

ക്കാറില്ല. ആ കുറ്റകൃത്യങ്ങൾ, കുറ്റകൃത്യങ്ങളല്ലാത്തതു കൊണ്ടല്ല അങ്ങനെ പിടിച്ചു ശിക്ഷിക്കാതിരിക്കുന്നത്. ഭരണകൂടവും ഒരു പരിധിവരെ അവധി നല്കാറുണ്ട്. നിരീക്ഷിക്കാറുണ്ട്. പിന്നീട് നിയമപരമായ നടപടികൾ സ്വീകരിക്കുന്നു. ഇങ്ങനെ വരുമ്പോൾ താൻ സഹനശീലനാണെന്ന് പറഞ്ഞിട്ടുള്ള ഏറ്റവും ഉന്നതനായ ന്യായാധിപൻ, ക്ഷണത്തിൽ പിടിച്ചു ശിക്ഷിക്കുമെന്ന് പ്രതീക്ഷിക്കുന്നതെന്തിനാണ്? നിഷേധികളുടെമേൽ ശിക്ഷയിറങ്ങാത്തതുകൊണ്ട് ഈ മതം അല്ലാഹുവിൽനിന്നുള്ളതല്ലെന്ന് കരുതുന്നതെങ്ങനെ? അല്ലെങ്കിൽ അല്ലാഹു ഇല്ലെന്നതിന് അത് തെളിവാകുന്നതെങ്ങനെ? ഭൗതിക നിയമത്തിൽ പിടിക്കപ്പെട്ടതിനും ശിക്ഷ ലഭിച്ചതിനും ശേഷം എല്ലാ കാര്യവും പിടിക്കപ്പെട്ട ആ വ്യക്തിയുമായിട്ട് മാത്രം ബന്ധപ്പെട്ടതായിരിക്കും. കൂടിയാൽ അയാളുടെ കീഴിൽ കഴിയുന്ന ഭാര്യയേയും മക്കളേയും അത് ബാധിക്കും. അല്ലെങ്കിൽ, സഹോദരിസഹോദരന്മാരേയോ മാതാപിതാക്കളേയോ അത് ബാധിക്കും. ആരെയെങ്കിലും എന്തെങ്കിലും കുറ്റത്തിന് തൂക്കിലേറ്റിയാൽത്തന്നെ അയാളുടെ സന്താനപരമ്പരയും അയാളുടെ കുടുംബപരമ്പരയും നിലനില്ക്കുന്നതാണ്. മനുഷ്യർ ചെയ്യുന്ന തെറ്റുകൾക്കെല്ലാം താൻ അവരെ പിടിച്ച് പെട്ടെന്ന് ശിക്ഷിക്കാൻ തുടങ്ങിയാൽ, മനുഷ്യവർഗ്ഗം തന്നെ നശിച്ചുപോകുമെന്ന് അല്ലാഹുതആല പറയുന്നു. അല്ലാഹുവിന്റെ ഇളവ് നല്കുക എന്ന നിയമം കൂടാതെ മനുഷ്യവർഗ്ഗത്തിന് ഇവിടെ നിലനില്ക്കാൻ കഴിയുകയില്ല. കാരണം പാപങ്ങൾകൊണ്ട് ലോകം നിറഞ്ഞിരിക്കുകയാണ്. ഓരോ തെറ്റിനും ഈ ലോകത്തുവെച്ചുതന്നെ അല്ലാഹു ശിക്ഷിക്കാൻ തുടങ്ങിയാൽ, അല്ലെങ്കിൽ ലോകമുണ്ടായ കാലം മുതൽ ശിക്ഷ ഇറക്കിക്കൊണ്ടിരുന്നെങ്കിൽ എപ്പഴേ മനുഷ്യവർഗ്ഗം നശിച്ചുപോയിട്ടുണ്ടാകുമായിരുന്നു. നല്ലവരായ ആളുകളും ലോകത്തുണ്ടെന്നത് ശരിതന്നെ. പരതിനോക്കുകയാണെങ്കിൽ ഒരിക്കലും പാപമുണ്ടാകാത്തവരും ഓരോ നന്മയും നൂറുശതമാനവും അനുഷ്ഠിക്കുന്നവരും വളരെ വിരളമായിട്ടേ കാണുകയുള്ളൂ. ഏതു കുറ്റത്തിനും പിടിച്ചു ശിക്ഷിക്കാൻ കഴിവുള്ളവനാണ് അല്ലാഹു. ഈ സാത്ത്വികരായ ആളുകളുടെ പൂർവ്വപിതാക്കൾ നല്ലവരായിരുന്നുവെന്നതിന് എന്തു തെളിവാണുള്ളത്. അങ്ങനെയുള്ള അവർ അക്കാലത്ത് പിടിക്കപ്പെട്ടിരുന്നുവെങ്കിൽ ഈ നല്ല തലമുറതന്നെ ഇന്ന് ഉണ്ടാകുമായിരുന്നില്ല. ശിക്ഷിക്കപ്പെട്ട് അവർ എന്നേ നശിച്ചുപോകുമായിരുന്നു. അതിനാൽ, ഓരോ പാപത്തിനും പെട്ടെന്ന് പിടിച്ച് ശിക്ഷിക്കുന്ന സമ്പ്രദായം അല്ലാഹു തുടങ്ങിക്കഴിഞ്ഞാൽ മനുഷ്യവംശം നശിച്ചുപോകും. ഒരുപാടാളുകളെ അല്ലാഹു ഈ ലോകത്തു നശിപ്പിക്കാറുണ്ടെന്നത് ശരിതന്നെ. മനുഷ്യരെ അവരുടെ മുന്നിലൂടെയും പിന്നിലൂടെയും ഇരുവശത്തൂടെയും വന്ന് വഴി തെറ്റിക്കുമെന്ന് ശയ്ത്വാൻ വീരവാദം മുഴക്കിയപ്പോൾ അങ്ങനെയായാൽ, നിന്നെ പിൻപറ്റുന്നവരെയെല്ലാംകൊണ്ട് താൻ നരകം നിറയ്ക്കുമെന്ന് അല്ലാഹു പറഞ്ഞിരുന്നു. അതുകൊണ്ട് ചിലയാളുകൾക്ക് അവരുടെ കർമ്മം ഈ ലോകത്തുതന്നെ നരകം കാണിച്ചുകൊടുക്കാറുണ്ട്. പക്ഷേ, ഈ നരകത്തിന്റെ കാലം, മരിച്ചതിനുശേഷം അവരുടെ ശിക്ഷയിലൂടെയാണ് ആരംഭിക്കുന്നത്. അല്ലാഹു പെട്ടെന്ന് ഇവിടെ വെച്ച് ശിക്ഷിക്കുകയില്ലെന്നതിന്, രക്ഷാശിക്ഷയുടെ നാൾ വച്ചിരിക്കുന്നതും തെളിവാണ്. അടുത്തലോകത്തായിരിക്കും രക്ഷാശിക്ഷയുടെ വിധി ഉണ്ടാകുന്നത്. അതുകൊണ്ട്, പരലോകത്തിൽ വിശ്വസിക്കാത്തവർ, ഈ ലോകത്ത് തങ്ങളെ പിടിക്കാത്തതുകൊണ്ട് അടുത്തലോകത്ത് ഒരു ചോദ്യവും ഉണ്ടാകുകയില്ലെന്ന് ധരിക്കണ്ട. പാപപരിഹാരം നിറവേറ്റപ്പെട്ടിരിക്കുന്നു എന്നും കരുതണ്ട. ശിക്ഷ നല്കാൻ ദൈവമില്ലെന്നും കണക്കാക്കണ്ട. അല്ലാഹു അവധി നീട്ടി നല്കുമ്പോൾ, അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നതിനുപകരം അല്ലെങ്കിൽ അല്ലാഹു ഉണ്ടെന്ന് മനസ്സിലാക്കാത്തവർ അവൻ ഉണ്ടെന്ന പരമാർത്ഥം മനസ്സിലാക്കി അവന്റെ മുമ്പിൽ കുനിയുന്നവരായിത്തീർന്നെങ്കിൽ എത്ര നന്നായേനെ.

ഓരോ പാപത്തിനും ഈ ലോകത്തുവെച്ചുതന്നെ ശിക്ഷ നല്കാൻ തുടങ്ങിയിരുന്നെങ്കിൽ ഈ മണ്ണിൽ ഒരു ജീവിയേയും താൻ ബാക്കിവെക്കുകയില്ലായിരുന്നുവെന്നും അല്ലാഹു ഈ വചനത്തിൽ പറഞ്ഞിരിക്കുന്നു. മനുഷ്യന്റെ നിലനില്പിന്നായിട്ടാണ് അല്ലാഹു ലോകത്ത് ആദ്യമെതന്നെ എല്ലാ ജീവജാലങ്ങളും സൃഷ്ടിച്ചുവെച്ചത്. മനുഷ്യൻ പാപം ചെയ്യുകയും, എന്നാൽ, ജീവികളെ നശിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? കാരണം അല്ലാഹുവിന്റെ മറ്റ് സൃഷ്ടികളും ജീവിക്കേണ്ടത് മനുഷ്യജീവിതത്തിന്നത്യാവശ്യമാണ്. എന്നല്ല, മനുഷ്യസൃഷ്ടിപ്പിന് മുമ്പേതന്നെ, മറ്റു സൃഷ്ടികളെ അല്ലാഹു സൃഷ്ടിച്ചിരുന്നു. മറ്റു ജീവജാലങ്ങളെ സൃഷ്ടിക്കാൻ ആദ്യമേ തുടങ്ങിയിരുന്നു. ഓരോ വസ്തുവിനേയും അല്ലാഹു മനുഷ്യന്റെ സേവനത്തിനായി നിയോഗിച്ചു. അവന് വിധേയമാക്കിക്കൊടുത്തു. ശിക്ഷ കൊടുത്തുകൊണ്ട് മനുഷ്യജീവിതം അവസാനിപ്പിക്കണമായിരുന്നെങ്കിൽ മനുഷ്യന്റെ നിലനില്പ്പിന്നായിട്ടുള്ള ആ സൃഷ്ടികളെ നശിപ്പിച്ചാൽ മതിയായിരുന്നു. അങ്ങനെ മനുഷ്യൻ ഒരു ശിക്ഷയിലകപ്പെട്ട് അവസാനിച്ചുപോകുമായിരുന്നു. കാരണം ജീവന്റെ നിലനില്പിന്റെ അടിസ്ഥാനംതന്നെ ഇല്ലാതാകുമായിരുന്നു. അല്ലെങ്കിൽ ഇങ്ങനെയും പറയാം, ഏതെങ്കിലും ശിക്ഷകൊണ്ട് മനുഷ്യവംശത്തെതന്നെ നശിപ്പി

ക്കണമായിരുന്നെങ്കിൽ, അവന്റെ നിലനില്പിന്നായിട്ട് സൃഷ്ടിച്ച് നല്കിയിരിക്കുന്ന മറ്റു സാധനസാമഗ്രികളെ നശിപ്പിച്ചാൽ മതിയായിരുന്നു. കാരണം മനുഷ്യൻ ഇല്ലാതാകുമ്പോൾ ഈ വസ്തുക്കളുടെ ആവശ്യവുമില്ല. അതുകൊണ്ട് എന്തെങ്കിലും കുറ്റകൃത്യം കണ്ടിട്ട് അല്ലാഹു പെട്ടെന്ന് പിടിച്ച് ശിക്ഷിക്കാത്തതിൽ വലിയ യുക്തിയുണ്ട്. എപ്രകാരം നല്ലവർക്കിടയിൽ ചീത്തയാളുകൾ ഉണ്ടാകാനിടയുണ്ടോ, അപ്രകാരം ചീത്തയിൽനിന്ന് നല്ലതും ഉണ്ടാകും. നബി(സ) അല്ലാഹുവിന്റെ ഹലീം എന്ന വിശേഷഗുണം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ്, ത്വായിഫിൽ നിന്ന് മടങ്ങുമ്പോൾ ആ തെമ്മാടികളായ ജനങ്ങളെ നശിപ്പിക്കാമെന്ന് അല്ലാഹു നബിയോട് പറഞ്ഞപ്പോൾ, ആ മഹാത്മാവ് ആ സഹനശീലന്റെ പ്രതീകമായിക്കൊണ്ട് പറഞ്ഞത്, “അല്ലാഹുവേ! ഇവരുടെ സന്താനങ്ങളിൽനിന്ന് നിന്നെ ആരാധിക്കുന്നവർ ജന്മംകൊള്ളുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിന്നോട് ഞാൻ പ്രാർത്ഥിക്കുകയാണ്. നീ എന്റെ ഈ പ്രാർത്ഥന സ്വീകരിക്കേണമേ.” പിന്നീട് ആ ജനതയിൽനിന്ന് ഏകദൈവാരാധകർ ഉണ്ടായത് ലോകം കണ്ടു. നബി(സ)യുടെ ജീവൻ അപഹരിക്കാനഗ്രഹിച്ചവർ- അവരുടെ ജീവിതത്തിന്റെ ഉദ്ദേശ്യംതന്നെ നബിയെ വധിക്കുക എന്നതായിരുന്നു- ആ മഹാത്മാവിനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നവരായിത്തീർന്നു. അതുകൊണ്ട് അല്ലാഹു അവധി നീട്ടിത്തരുന്നതിൽ വലിയ യുക്തിയുണ്ട്. താൻ അവരുടെ കണക്കെടുക്കില്ലെന്ന് അല്ലാഹു പറഞ്ഞില്ല. പ്രത്യുത പിടിച്ച് ശിക്ഷിക്കുന്നതിലാണ് അവധി നീട്ടിക്കൊടുക്കുന്നത്. പറഞ്ഞു, ശിക്ഷയുടെ സമയം വന്നാൽ പിന്നെ അതിനെ മറികടക്കാൻ ആർക്കും സാധിക്കുകയില്ല.

അല്ലാഹു ഇത്തരം അതിരുലംഘിക്കുന്നവരെക്കുറിച്ച് ഖുർആനിൽ ഒരിടത്ത് പറയുന്നു:

وَلَوْ يُؤَاخِذُ اللَّهُ النَّاسَ بِمَا كَسَبُوا مَا
تَرَكَ عَلَىٰ ظَهْرِهَا مِن دَابَّةٍ وَلَٰكِن
يُؤَخِّرُهُمْ إِلَىٰ أَجَلٍ مُّسَمًّى ۖ فَإِذَا جَاءَ
أَجَلُهُمْ فَإِنَّ اللَّهَ كَانَ بِعِبَادِهِ بَصِيرًا ٤٥

മനുഷ്യൻ സമ്പാദിച്ച തിന്മകൾക്ക് പകരം അല്ലാഹു അവരെ ശിക്ഷിക്കുകയായിരുന്നെങ്കിൽ ഈ ഭൂമുഖത്ത് ഓടിച്ചാടിനടക്കുന്ന ഒരു ജീവിയേയും അവൻ ബാക്കി വയ്ക്കുമായിരുന്നില്ല. പക്ഷേ, ഒരു നിശ്ചിത ഊഴംവരെ അവർക്കവൻ സാവകാശം നല്കുന്നതാണ്. അങ്ങനെ, അവരുടെ ഊഴം വന്നുകഴിഞ്ഞാൽ, അല്ലാഹു അവന്റെ ദാസരുടെമേൽ അഗാധമായ ദൃഷ്ടി വയ്ക്കുന്നവനാണെന്ന് നല്ലവണ്ണം വ്യക്തമാകുന്നതാണ് (35:46).

ഫാത്തിർ സൂറത്തിലെ ഈ വചനത്തിന് കുറച്ചു മമ്പേ വന്നിട്ടുള്ള വചനത്തിൽ അല്ലാഹു, താൻ സഹനശീലനാണെന്നതിനെക്കുറിച്ച് പറയുന്നു:

إِنَّ اللَّهَ يُمْسِكُ السَّمَاوَاتِ وَالْأَرْضَ أَن
تَزُولَا ۚ وَلَئِن زَالَتَا إِنْ أَمْسَكَهُمَا مِنْ
أَحَدٍ مِّن بَعْدِهِ ۚ إِنَّهُ كَانَ حَلِيمًا غَفُورًا ٤٢

തീർച്ചയായും അല്ലാഹു ആകാശങ്ങളേയും ഭൂമിയേയും നീങ്ങിപ്പോകാതിരിക്കാൻ പിടിച്ചുനിറുത്തുന്നു. ഇനി അവ രണ്ടും ഒരു പ്രാവശ്യം നീങ്ങിപ്പോകുന്നതായാൽ അവനു പുറമെ അവയെ പിടിച്ചുനിറുത്താൻ അവനല്ലാതെ മറ്റാരുമില്ല. നിശ്ചയമായും അവൻ സഹനശീലനും സർവ്വഥാ പൊറുക്കുന്നവനുമാകുന്നു (35:42).

വിശ്വസിക്കാത്തവർ, തങ്ങളുടെ അക്രമപ്രവൃത്തികൊണ്ട് അല്ലാഹുവിന്റെ പിടിത്തത്തിന്നർഹരാണെന്ന് ഈ വചനം വിളിച്ചോതുന്നു. അല്ലാഹു കരുണ കാണിക്കുന്നവനാണ്, പൊറുക്കുന്നവനുമാണ്. അങ്ങനെയുള്ള അല്ലാഹുവാണ് നിങ്ങളെ രക്ഷിച്ചുനിറുത്തിയിരിക്കുന്നത്. അവൻ നിങ്ങൾക്ക് അവധി നീട്ടിത്തരുന്നു. നിങ്ങളുടെ അവസ്ഥ മാറ്റാൻ ഇനിയും സമയമുണ്ട്. നബി(സ)യ്ക്കെതിരിൽ നിങ്ങൾ കൈക്കൊണ്ടിരിക്കുന്ന പ്രവർത്തനശൈലിയെ മാറ്റുക. നിങ്ങൾ നിങ്ങളെ നന്നാക്കിത്തീർക്കുക. ഇല്ലെങ്കിൽ അല്ലാഹു അവന്റെ കണക്കെടുക്കാൻ തുടങ്ങിയാൽ, ക്ഷണത്തിൽ ശിക്ഷിക്കാൻ തുടങ്ങിയാൽ അല്പനിമിഷങ്ങൾക്കുള്ളിൽ നിങ്ങളെ നശിപ്പിക്കാൻ അവനു കഴിയും. ആകാശങ്ങളേയും ഭൂമിയേയും അവൻ തടഞ്ഞുനിറുത്തിയിരിക്കുകയാണ്. അത് നീങ്ങിപ്പോയാൽ ഒരു ഖിയാമത്തിന്റെ മാതൃകയായിരിക്കും കാണുക. ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ച അല്ലാഹു പെട്ടെന്ന് പകരം വീട്ടുന്നവനല്ല. അവൻ പൊറുക്കുന്നവനാണ്. അവന്റെ മുമ്പിൽ കുനിയുക. സ്വന്തം പരിധിയ്ക്കുള്ളിൽ നിലകൊള്ളുക.

ഞാൻ ഓതിയ ആദ്യത്തെ വചനം, വചനങ്ങളുടെ ക്രമം നോക്കിയാൽ അവസാനത്തെ വചനമാണ്. അതിലും, നിങ്ങളുടെ ഈ പ്രവർത്തനങ്ങൾ കാരണത്താൽ അല്ലാഹു നിങ്ങളെ പെട്ടെന്ന് പിടിച്ച് ശിക്ഷിക്കുകയാണെങ്കിൽ ഒരു വന്യമൃഗവും അവശേഷിക്കുകയില്ലെന്നും, ഒരു വീട്ടുമൃഗവും ബാക്കിയാവുകയി

ല്ലെന്നും ഒരു പക്ഷിയും അവശേഷിക്കുകയില്ലെന്നും ആവർത്തിച്ചുപറഞ്ഞിരിക്കുന്നു. അതായത്, ഇവിടെ വീണ്ടും വ്യക്തമാക്കിയിരിക്കുന്നത്, നിങ്ങളുടെ ജീവിതത്തിന്റെ നിലനില്പ് ഏതൊരു ജീവജാലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവോ, അവയെ മാത്രം അല്ലാഹു നശിപ്പിക്കുകയാണെങ്കിൽ, നിങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായിത്തീരുമെന്നാണ്. നിങ്ങളും അതേ നാശത്തിൽപ്പെട്ട് നശിച്ചുപോകും. നിങ്ങൾ ഏതു കാര്യത്തിലാണ് അഹങ്കരിക്കുന്നത്. അല്ലാഹുതആല നീട്ടി നല്കിയിട്ടുള്ള ഈ അവധിയിൽനിന്ന് പാഠം പഠിക്കുക. അല്ലെങ്കിൽ ഇത് സ്ഥിരമായ ശിക്ഷയായിട്ടും മാറാം. ഉദാഹരണത്തിന് ഇപ്പോൾ ഇവിടെ പക്ഷിപ്പനി വന്നു. അത് ലോകം മുഴുവൻ പരന്നു. അത് പല രാഷ്ട്രങ്ങളിലേയും ജനങ്ങളെ വിഷമിപ്പിച്ചു. ഇതെല്ലാം അല്ലാഹുവിൽനിന്നുണ്ടാകുന്ന ചെറിയ ചെറിയ ഉലയ്ക്കലാണ്. പക്ഷേ, ഇവർ മനസ്സിലാക്കുന്നില്ല. ഗ്രഹിക്കുന്നവർ മാത്രമാണ് കാര്യം മനസ്സിലാക്കുന്നത്. ഒരു കാലഘട്ടത്തിൽ കുളമ്പുദീനം ജനങ്ങളെ അസ്വസ്ഥരാക്കിയിരുന്നു. ചിന്തിക്കുകയും ആലോചിക്കുകയുമാണെങ്കിൽ, സർവ്വശക്തനായ അല്ലാഹു ഒരൊറ്റ സമയത്ത് ലോകത്തുള്ള സകല മൃഗങ്ങളിലും എന്തെങ്കിലും രീതിയിലുള്ള രോഗമുണ്ടാക്കിയാൽ, ലോകം അതിലൂടെ മാത്രം ശിക്ഷയിൽ അകപ്പെട്ടുപോകുന്നതാണ്. ഓരോ കാര്യത്തിനും ഒരു പരിധിയുണ്ടെന്ന് അല്ലാഹു പറയുന്നു. അവൻ അവസാന നിമിഷംവരെ അവധി നീട്ടിക്കൊടുക്കുന്നു. ആ അവധി അവസാനിക്കുന്ന സമയമെത്തിയാൽ, മനുഷ്യൻ തന്റെ പ്രവർത്തനശൈലിയിൽ മാറ്റം വരുത്താതിരിക്കുകയും, അല്ലാഹുവിന്റെ പ്രവൃത്തിയിൽ കൈകടത്തുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും അവന്റെ അധികാരത്തിൽ കൈവയ്ക്കാൻ ശ്രമിക്കുകയും ചെയ്താൽ, പിന്നെ കൂടുതൽ അവധി തരികയില്ല. പിന്നെ ഹലീം എന്ന വിശേഷഗുണം പ്രവർത്തിക്കുന്നതിനു പകരം മറ്റു വിശേഷഗുണങ്ങൾ അവയുടെ പ്രവർത്തനം തുടങ്ങുന്നു. ഈ വചനത്തിലും മറ്റു വചനങ്ങളിലും ***ദാബ്ബ*** എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിന്റെ അർത്ഥം, ജന്തുസമൂഹം എന്നാണ്. ഇതിന്റെ ഒരു ഉദ്ദേശ്യം ഭൂമിയിലെ കീടം എന്നുമാണ്. അല്ലാഹുവിനും അവന്റെ നബിയ്ക്കും എതിരിൽ നില്ക്കുന്നവർ, ലോകത്തിലെ കീടങ്ങളാണെന്ന് ഇവിടെ പറയപ്പെട്ടിരിക്കുന്നു. ഇവർ തങ്ങളിൽ മാറ്റം വരുത്തുന്നില്ലെങ്കിൽ, കീടങ്ങളെ നശിപ്പിക്കുന്നതിന് ഒരു മടിയും കാണിക്കാത്തതുപോലെ ഇവരെയും നശിപ്പിച്ചുകളയാൻ അല്ലാഹു മടിക്കുകയില്ല. എന്നാൽ, അല്ലാഹു തന്റെ നിയമമനുസരിച്ച് ഒരു കാലംവരെ അവധി നല്കിയിരിക്കുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയിലും ഓരോ മതവിശ്വാസിയുടെ ദൃഷ്ടിയിലും ഇത്തരക്കാർക്ക് ഒരു വിലയുമില്ല. അല്ലാഹുവിന്നെതിരിൽ എഴുന്നേറ്റുനില്ക്കുന്നവർക്ക് നിന്ദ്യമായ കീടങ്ങളേക്കാൾ ഒരു വിലയുമില്ല.

പരിഹസിക്കുന്നതിൽ അതിരുകടക്കുന്നവരെക്കുറിച്ചുള്ള ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്; പ്രത്യേകിച്ച് ഇസ്‌ലാമിനേയും നബി(സ)യേയും കുറിമാനമാക്കുന്നവർ. ഇസ്‌ലാമിന് ഏതെങ്കിലും ദൈവമുണ്ടെങ്കിൽ നേരിട്ട് വന്ന് ഞങ്ങളോട് എന്തുകൊണ്ട് പകരം ചോദിക്കുന്നില്ല എന്നാണ് അവർ തങ്ങളുടെ ചെയ്തികൾകൊണ്ട് വിളിച്ചുചോദിക്കുന്നത്. അത്തരക്കാർ അല്ലാഹു സഹനശീലനാണെന്നും വിട്ടുവീഴ്ച ചെയ്യുന്നവനാണെന്നും മനസ്സിലാക്കുക. എന്നാൽ, അവന്റെ ചക്ക് പ്രവർത്തിക്കാൻ തുടങ്ങിയാൽ, അതിരുകടക്കുന്നവരെ ഈ ലോകത്തും നശിപ്പിച്ചുകളയുന്നതാണ്; അടുത്തലോകത്തും. ഈ ഖുർആനിക വചനത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിഹസിക്കുന്നതിൽനിന്നും ചീത്തപറയുന്നതിൽനിന്നും പിന്മാറാത്തവർക്കും പാഠമുണ്ട്. അല്ലാഹു അവധി നീട്ടിത്തരുന്നതിൽനിന്ന് തെറ്റായ ഫലമെടുക്കരുത്. ഖുർആനെ വിശ്വസിക്കുന്നവർക്കാണെങ്കിൽ ഇതിൽ കൂടുതൽ ഉത്തരവാദിത്തമാണുള്ളത്. അവർ ഇതിൽ ചിന്തിച്ച് പരിഹാസത്തിൽനിന്നും ആരോപണങ്ങൾ ഉന്നയിക്കുന്നതിൽനിന്നും പിന്മാറേണ്ടതാണ്. അല്ലാഹു നിങ്ങളെ പിടിക്കുന്നില്ലെങ്കിൽ, അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നഊദുബില്ലാഹ് അസത്യവാദിയാണെന്നതിന് തെളിവല്ല. നിങ്ങൾ സത്യവാദികളാണെന്നതിനും അത് തെളിവല്ല. അതുകൊണ്ട് മുസ്‌ലിംകളും ചിന്തിക്കേണ്ടതാണ്. അവരിലും വലിയ വിപത്തുകൾ വന്നുകൊണ്ടിരിക്കുന്നു. അതിലും ചിന്തിക്കുക.

അഹ്മദികളോടും ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ചിലർ കാര്യം മനസ്സിലാക്കുന്നില്ല. അവസ്ഥകൾ മാറി വരാത്തതുകൊണ്ട് അവർ ചിന്തയിലാണ്. അല്ലാഹു ഓരോ കാര്യത്തിനും ഓരോ കൃത്യസമയം നിശ്ചയിച്ചിട്ടുണ്ട്. ശിക്ഷയിറക്കുന്നതിന് പ്രത്യേക സമയം നിശ്ചയിച്ചിരിക്കുന്ന കാര്യം അവൻ പറഞ്ഞിരിക്കുന്നു. അത് വരുമ്പോൾ, ഒരു ചുവട് മുന്നോട്ടോ പിമ്പോട്ടോ പോകുകയില്ല. അല്ലാഹുതആല തന്റെ എല്ലാ വിശേഷഗുണങ്ങളും പ്രകടിപ്പിക്കുന്നവനാണ്. അത് സന്ദർഭമനുസരിച്ചാണ് പ്രകടിപ്പിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ആ മഹാത്മാവിന്റെ ജമാഅത്ത് വിജയിക്കുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് ഇൻശാഅല്ലാഹ് വിജയിക്കുകതന്നെ ചെയ്യും. ചില അഹ്മദികൾ ചില ഇൽഹാമുകളിൽ പറഞ്ഞ കാര്യങ്ങൾ പുലരുന്നതിന് സമയം നിർണ്ണയിക്കാൻ തുടങ്ങുന്നു. അത് പുലരുന്ന സമയം 'പറയുകയില്ല' എന്ന് അല്ലാഹു

തന്നോട് പറഞ്ഞതായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് സമയം പറയാത്ത സ്ഥിതിക്ക് അതിനെക്കുറിച്ച് അറിയാൻ ഞാനും നിങ്ങളും ആരാണ്. സമയം അറിയുമായിരുന്നെങ്കിൽ '**ബഗ്തത്തൻ**' (പെട്ടെന്ന്) എന്നു പറഞ്ഞതെന്തിനാണ്. നമ്മുടെ ജോലി ദുആ ചെയ്യുക എന്നതാണ്. സമയം പ്രതീക്ഷിച്ചിരിക്കുക എന്നതാണ്. ഇക്കാലത്തെ ജനതകളുടെ ജീവിതം നോക്കുമ്പോൾ, കുറച്ചു വർഷം എന്നു പറയുന്നത് ദീർഘകാലമായിരിക്കണമെന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന്റെ പുരോഗതി ഇതിന് വ്യക്തമായ തെളിവാണ്. എല്ലാവിധ എതിർപ്പുകളും ഉണ്ടെങ്കിലും അല്ലാഹു നമ്മോടൊപ്പമാണ്. ആ ശത്രുത ബാഹ്യമായിട്ടുള്ളതാണെങ്കിലും രഹസ്യമായിട്ടുള്ളതാണെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന് ക്ഷതമുണ്ടാക്കാൻ അതിന് സാധിക്കുകയില്ല. ഒരിക്കലും ക്ഷതമുണ്ടാക്കിയിട്ടുമില്ല. ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഇൻശാഅല്ലാഹ്. ഇത് വളർന്നുകൊണ്ടേപോകും. നമ്മുടെ ജോലി, നമ്മുടെ കർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുക എന്നതാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അല്ലാഹു നമ്മുടെ ഹൃദയത്തെ പരിശുദ്ധവും പവിത്രവുമാക്കി വയ്ക്കുമാറാകട്ടെ. നമ്മളെക്കൊണ്ട് അവന് തൃപ്തിപ്പെട്ട കർമ്മങ്ങൾ ചെയ്യിക്കുമാറാകട്ടെ. നമ്മൾ നമ്മുടെ കർമ്മങ്ങളേയും ഹൃദയത്തേയും തെറ്റായ കർമ്മങ്ങളിൽനിന്ന് പവിത്രവും പരിശുദ്ധവുമാക്കിവെച്ചാൽ, അല്ലാഹു വാഗ്ദാനം ചെയ്ത ആ വിജയം എത്രയും വേഗം നമുക്ക് കാണാൻ കഴിയും. അതിനാൽ നാം ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്; അല്ലാഹു പൊറുക്കുന്നവനാണ്, സഹനശീലനാണ്. എങ്കിലും നമ്മുടെ എന്തെങ്കിലും കർമ്മങ്ങൾ കാരണത്താൽ നമുക്ക് ശിക്ഷയുണ്ടാകാൻ പാടില്ല. അല്ലാഹു പറയുന്നു: ***യുആഖിദുക്കും ബിമാ കസബത് ഖുലൂബുക്കും*** നിങ്ങളുടെ ഹൃദയങ്ങൾ ബോധപൂർവ്വം സമ്പാദിച്ചതിന് അവൻ നിങ്ങളെ ശിക്ഷിക്കുന്നതാണ് (2:226). തുടർന്ന് പറഞ്ഞു: ***വല്ലാഹു ഗഫൂറുൻ ഹലീം*** അല്ലാഹു പൊറുത്തുകൊടുക്കുന്നവനും സഹനശീലനുമാകുന്നു.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യന്റെ ചിന്തകൾ അനിയന്ത്രിതമായി പൊന്തിവന്നുകൊണ്ടിരിക്കുന്നു. അത് അവനെ പാപിയാക്കുകയില്ല. മറിച്ച്, അല്ലാഹുവിന്റെ പക്കൽ കുറ്റവാളിയാകുന്നത് മൂന്നുതരത്തിലാണ്. ഒന്നാമത്തേത് മതത്തിനും സത്യത്തിനും നീതിക്കും എതിരായുള്ള അവിശുദ്ധ സംസാരം. രണ്ടാമത്തേത് ബാഹ്യമായ അവയവങ്ങൾകൊണ്ട് ധിക്കാരം പ്രകടിപ്പിക്കുക. മൂന്നാമത്തേത് ഇന്ന ദുഷ്കർമ്മം തീർച്ചയായും ചെയ്യുമെന്ന് തീരുമാനിക്കുക. ഇതിലേക്ക് സൂചിപ്പിച്ചുകൊണ്ടാണ് അല്ലാഹു പറഞ്ഞത് '***വലാക്കിൻ യുആഖിദുക്കും ബിമാ കസബത്ത് ഖുലൂബുക്കും***' ഏതൊരു പാപത്തെ ഹൃദയം തീരുമാനിച്ചുറപ്പിച്ച് സമ്പാദിക്കുന്നുവോ ആ പാപത്തിന് ശിക്ഷ ലഭിക്കുന്നതാണ്. അറിയാതെ ചെയ്തുപോകുന്ന പാപത്തിന് ശിക്ഷ ലഭിക്കുകയില്ല. കാരണം അത് മനുഷ്യപ്രകൃതിക്ക് വിധേയമല്ല. നമ്മുടെ നിയന്ത്രണത്തിന് വെളിയിലുള്ള ചിന്തകൾ കാരണത്താൽ പരമകാരുണികനായ അല്ലാഹു നമ്മെ പിടിക്കുകയില്ല. അവൻ നമ്മെ പിടിക്കുന്നത് ആ വിചാരങ്ങളെ കൈകൊണ്ടോ നാവുകൊണ്ടോ മനസ്സുകൊണ്ടുറച്ചോ പിൻപറ്റുമ്പോഴാണ്. ചിലപ്പോൾ നമ്മൾ ആ വിചാരങ്ങളിൽനിന്ന് ഫലംപറ്റുന്നുവരുമാകാറുണ്ട്. അല്ലാഹു വിശുദ്ധഖുർആനിൽ കൈകൊണ്ടും കാൽകൊണ്ടും ചെയ്യുന്ന പാപത്തെക്കുറിച്ചു മാത്രമല്ല പറഞ്ഞിട്ടുള്ളത്. നേരെമറിച്ച് കാതും കണ്ണും മനസ്സും ചെയ്യുന്ന പാപങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. അവൻ തന്റെ വിശുദ്ധഗ്രന്ഥത്തിൽ പറയുന്നു: '***ഇന്നസ്സംഅ വൽബസ്വറ വൽഫുആദ കുല്ലുഉലായിക്ക കാന അൻഹു മസ്ഊലാ***' കാത്, കണ്ണ്, ഹൃദയം ഇവ എല്ലാറ്റിനേയും സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ് (17:37). നോക്കുക. അല്ലാഹു കാതിന്റെയും കണ്ണിന്റെയും പാപങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞിരിക്കുന്നു; അതുപോലെതന്നെ മനസ്സിന്റെ പാപത്തെക്കുറിച്ചും. എന്നാൽ, മനസ്സിൽ തോന്നിക്കുന്ന പാപം അപകടകരമല്ല. മറിച്ച്, മനസ്സ് ചെയ്യുന്ന പാപം, ഉറച്ച തീരുമാനമെടുക്കലാണ്. മനുഷ്യന്റെ നിയന്ത്രണത്തിലല്ലാത്ത വിചാരങ്ങൾ പാപങ്ങളിൽപെടുന്നതല്ല. അത് പാപമായിത്തീരുന്നത് ചെയ്യാൻ ഉറച്ച് തീരുമാനിക്കുമ്പോഴാണ്. ഇപ്രകാരംതന്നെ പ്രതാപവാനായ അല്ലാഹു ആന്തരികമായ പാപങ്ങളെക്കുറിച്ച് മറ്റൊരിടത്ത് പറയുന്നു. '***ഖുൽ ഇന്നമാ ഹർറമ റബ്ബിയൽ ഫവാഹിശ മാളഹറ വമാ ബത്വന***'. അതായത് അല്ലാഹു പ്രത്യക്ഷമായതും പരോക്ഷമായതുമായ രണ്ട് പാപങ്ങളും നിഷിദ്ധമാക്കിയിരിക്കുന്നു" (7:34).

അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സമ്പാദിക്കുന്നതിന്നായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനങ്ങളിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ നാം ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരായി തീരാനാണിത്. അതിനുവേണ്ടി മൂന്ന് കാര്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. അതുമുഖേന ഒരു സത്യവിശ്വാസി ബാഹ്യമായ

നിലയിൽ നന്മ ചെയ്യുന്നവനായിത്തീരുന്നു. എന്നല്ല, മനസ്സ് പരിശുദ്ധമായിരിക്കുകയും ചെയ്യുന്നു. ആ മഹാത്മാവ് പറഞ്ഞ ഒന്നാമത്തെ കാര്യം സത്യത്തിന്റേയും നീതിയുടേയും കഴുത്തിനെ ഞെരിച്ചുകളയുംവിധമുള്ള ഒരു കാര്യവും ആരുടെ വായിൽനിന്നും പ്രത്യേകിച്ച് അഹ്മദികളുടെ വായിൽനിന്നും പുറപ്പെടാൻ പാടില്ല എന്നാണ്. നിലകൊള്ളാൻ അല്ലാഹു കല്പിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങളിൽനിന്നൊരിക്കലും അകന്നുപോകുന്നവരായിത്തീരാൻ പാടില്ല. നീതിയുടെ തേട്ടം പൂർത്തിയാക്കാൻ അവൻ കല്പിച്ചിരിക്കുന്നു. അതിനെ ഒരിക്കലും മറക്കുന്നവരാകരുത്. നീതിയുടെ തേട്ടം നിറവേറ്റുന്നതിനെക്കുറിച്ച് പറഞ്ഞു: സ്വന്തം ആൾക്കെതിരായാൽപോലും നീതി നിലനിറുത്തുവാൻ സാക്ഷി പറയേണ്ടിവന്നാൽ പറയേണ്ടതാണ്. ശത്രുത പുലർത്തുന്നവരോടുപോലും നീതിയോടുകൂടി പെരുമാറണമെന്ന് കല്പിച്ചിരിക്കുന്നു. അതുകൊണ്ട് ഇത് പൊതുവായൊരു കല്പനയാണ്. അല്ലാഹു ഹലീം അഥവാ സഹനശീലനാകുന്നു. അതുകൊണ്ട് നമ്മളും സഹനം കൈക്കൊള്ളേണ്ടതാണ്. രണ്ടാമത്തെ കാര്യം പറഞ്ഞത്, ഒരു പ്രവർത്തിയിലും അനുസരണക്കേടുണ്ടാകാൻ പാടില്ല എന്നാണ്. കലഹം, കുഴപ്പം, ലഹള എന്നിവയിൽനിന്നൊക്കെ അകന്നുനില്ക്കാൻ അവൻ കല്പിക്കുന്നു. ഈ കല്പന പൂർണ്ണമായും നിറവേറ്റേണ്ടതാണ്. വെറും ബാഹ്യമായ കർമ്മമല്ല. ആരെങ്കിലും തന്റെ മനസ്സിൽ തെറ്റായ കാര്യം ചെയ്യാൻ തീരുമാനിച്ചാൽ അതും അയാളെ അല്ലാഹുവിന്റെ പിടിത്തത്തിന് വിധേയനാക്കും. മനസ്സിൽ ദുർവിചാരമുണ്ടായാൽ-കാരണം മനുഷ്യന്റെ ചില ചിന്തകൾ അവന് സ്വയം നിയന്ത്രിക്കാൻ പറ്റാത്തതായിരിക്കും, ചിലപ്പോൾ ദുഷ്ചിന്തയുണ്ടാകും- ഉടനെതന്നെ അതിൽ നിന്ന് തെന്നിമാറേണ്ടതാണ്. എന്നാൽ, അതിനെ മനസ്സിൽ കുടിയിരുത്തുകയോ ആവർത്തിച്ചുകൊണ്ടിരിക്കുകയോ ആ ജോലി തീർച്ചയായും ചെയ്യുമെന്ന് തീരുമാനിക്കുകയോ ചെയ്താൽ അത് പാപമാണ്. ഹദീഥിൽ വന്നിരിക്കുന്നു. ആരുടെയെങ്കിലും മനസ്സിൽ ദുഷ്ചിന്തയുണ്ടായാൽ അതനുസരിച്ച് പ്രവർത്തിക്കാതെ അയാൾ അതിനെ അമർത്തിവെച്ചാൽ അല്ലാഹു അയാൾക്കുവേണ്ടി ഒരു പൂർണ്ണമായ നന്മ എഴുതുന്നതാണ്. ആ ദുഷ്ചിന്തയെ അമർത്തിവെച്ച കാരണത്താൽ അയാൾക്ക് നന്മയ്ക്കുള്ള പ്രതിഫലം ലഭിക്കുന്നതാണ്. ഇതാണ് നമ്മുടെ അല്ലാഹു, അവൻ പൊറുക്കുന്നവനും സഹനശീലനുമാണ്. അതിനാൽ ഈ ഹലീമായ അല്ലാഹുവിന്റെ സഹനം എന്ന ഗുണവിശേഷത്തെ എപ്പോഴും മുന്നിൽവയ്ക്കേണ്ടതാണ്. അവൻ ക്ഷണത്തിൽ പിടിച്ച് ശിക്ഷിക്കുകയില്ല. മറിച്ച്, മനുഷ്യന് തന്റെ അവസ്ഥയിൽ പരിവർത്തനമുണ്ടാക്കാൻ അവസരം നല്കുന്നു. ഹലീം എന്ന വിശേഷഗുണത്തോടൊപ്പം ഗഫൂർ എന്ന വിശേഷഗുണത്തേയും ചേർത്തുകൊണ്ട് താൻ തന്റെ ദാസരുടെ പാപങ്ങളും തെറ്റുകളും വിട്ടുവീഴ്ച ചെയ്യുമെന്നും പൊറുക്കുമെന്നും മറച്ചുവയ്ക്കുമെന്നും അല്ലാഹു വിളംബരം ചെയ്യുമ്പോൾ അവന്റെ ദാസൻ അതിൽ തിമിർത്താടുന്നതിനു പകരം പാപപ്പൊറുതി തേടിക്കൊണ്ട് പ്രവർത്തിക്കുകയാണ് വേണ്ടത്. തന്നോട് പൊറുക്കലിനെ തേടാനും തന്റെ ആ വിശേഷഗുണത്തെ പ്രയോജനപ്പെടുത്താനുമാണ് അല്ലാഹു പറയുന്നത്. അല്ലാഹു നമുക്കെല്ലാം ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 14.3.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala